5) അപേക്ഷകൻ / സഹ അപേക്ഷകൻ എന്നിവരുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് (എസ്.എസ്.എൽ.സി./സ്കൂൾ സർട്ടിഫിക്കറ്റ് മുതലായവ)

6) ജാതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്.

7) വില്ലേജ് ഓഫീസിൽ നിന്ന് ലഭിക്കുന്ന കുടുംബവാർഷിക വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

8) ഭവന നിർമ്മാണത്തിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് അനുവദിച്ച അംഗീകൃത പെർമ്മിറ്റ്, പ്ലാൻ, എസ്റ്റിമേറ്റ്

9) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും അപേക്ഷകനോ കുടുംബാംഗങ്ങളോ സർക്കാരിന്റെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താവാണോ എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം

10) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പർ, ഐ എഫ് എസ് കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്.

## ജാമ്യ വ്യവസ്ഥ

- ഭവന നിർമ്മാണം നടത്തുന്ന വസ്തു ജാമ്യമായി ഹാജരാക്കേണ്ടതാണ്. വായ്പ്പ അപേക്ഷകൻ / സഹ അപേക്ഷകൻ എന്നിവർക്കു പുറമേ ഭവന നിർമ്മാണം നടത്തുന്ന വസ്തുവിൽ ആധാര പ്രകാരം അവകാശം സിദ്ധിച്ചിട്ടുള്ള എല്ലാ വ്യക്തികളും കോർപ്പറേഷനുമായി ജാമ്യകരാറിൽ ഏർപ്പെടേണ്ടതാണ്.
- ഭവന നിർമ്മാണം നടത്തുന്ന വസ്തുവിന്റെ മതിപ്പുവില വായ്പ അനുവദിക്കുന്നതിന് മതിയാകാത്ത പക്ഷം കോർപ്പറേഷൻ വ്യവസ്ഥകൾക്ക് വിധേയമായി ഉദ്യോഗസ്ഥജാമ്യം/വസ്തു ജാമ്യം/സ്ഥിര നിക്ഷേപം/എൽ.ഐ.സി. പോളിസി മുതലായവ ജാമ്യമായി സ്വീകരിക്കുന്നതാണ്. നിബന്ധനകൾക്ക് വിധേയമായി ഇവയിൽ ഒന്നോ, ഒന്നിലധികമോ രേഖകൾ കൂട്ടിച്ചേർത്തോ ജാമ്യമായി സമർപ്പിക്കാവുന്നതാണ്.

KSBCDC

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ**

(ഒരു കേരള സർക്കാർ സ്ഥാപനം)

ഹെഡ് ഓഫീസ് : റ്റി.സി. 27/588(7) & (8)
പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം 695035
ഫോൺ : 0471 2577550, 2577539
ഇമെയിൽ : ksbcdc@gmail.com Web : www.ksbcdc.com

എന്റെ വീട്

# ഭവനനിർമ്മാണ വായ്പാ പദ്ധതി

KSBCDC

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ**

(ഒരു കേരള സർക്കാർ സ്ഥാപനം)

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

കേരളത്തിലെ മറ്റു പിന്നോക്ക മതന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനം എന്ന ലക്ഷ്യവുമായാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 1995-ൽ സ്ഥാപിതമായത്. വളരെ കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലുമാണ് വിവിധ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നത്. വായ്പാ പദ്ധതികൾക്ക് പുറമേ സംരംഭകത്വ പരിശീലനം, തൊഴിലധിഷ്ഠിത പലിശീലനം, വിപണനമേളകൾ എന്നിവയും കോർപ്പറേഷൻ നടത്തി വരുന്നു. 1995 മുതൽ 31.01.2018 വരെ 4.65 ലക്ഷം കുടുംബങ്ങൾക്കായി 2700 കോടിയോളം രൂപ വായ്പാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് (ഒ.ബി.സി.) വേണ്ടിയുള്ള വായ്പാ പദ്ധതികൾ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC)യും മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) യും ധനസഹായമുപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്.

## ഭവനനിർമാണ വായ്പാ പദ്ധതി

ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യർക്ക് ഏറ്റവും പ്രധാനമായ അടിസ്ഥാന ആവശ്യമാണ് പാർപ്പിടം. കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷന്റെ സർവ്വേ പ്രകാരം കേരളത്തിലെ ഭവനരഹിതമായ കുടുംബാംഗങ്ങൾ 4.32 ലക്ഷമാണ്. എല്ലാ മലയാളിയും നെഞ്ചിലേറ്റുന്ന സ്വന്തമായൊരു ഭവനമെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് വേണ്ടി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഭവന നിർമ്മാണ വായ്പാ പദ്ധതിയാണ് 'എന്റെ വീട് '.

ഈ പദ്ധതി പ്രകാരം കേരളത്തിലെ മറ്റു പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി.) ഉൾപ്പെട്ട 3 ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള ഭവന രഹിതർക്ക് വായ്പ ലഭ്യമാകും. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2 വിഭാഗമായി തിരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

| കുടുംബവാർഷിക വരുമാനം | പരമാവധി വായ്പാ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി | പ്രായ പരിധി |
|---|---|---|---|---|
| 1,20,000/- രൂപ വരെ | 5 ലക്ഷം | 7.50% | 15 വർഷം വരെ | 18-55 |
| 1,20,000/- രൂപയ്ക്ക് മുകളിൽ 3,00,000/- രൂപ വരെ | 10 ലക്ഷം | 8.00% | 15 വർഷം വരെ | 18-55 |

## പൊതു വ്യവസ്ഥകൾ

1) അപേക്ഷകന്റെ പേരിലോ, കുടുംബങ്ങളുടെ പേരിലോ വാസയോഗ്യമായ ഭവനം ഉണ്ടായിരിക്കരുത്.

2) പുതുതായി ഭവനം നിർമ്മിക്കുന്നതിനുവേണ്ടി മാത്രമാണ് വായ്പ അനുവദിക്കുന്നത്. നിലവിലുള്ള ഭവനത്തിന്റെ പുനരുദ്ധാരണത്തിനോ, വീടുൾപ്പെടുന്ന വസ്തു വാങ്ങുന്നതിനോ വായ്പ അനുവദിക്കുന്നതല്ല.

3) അപേക്ഷകനുപുറമേ കുടുംബാംഗങ്ങളിൽ ഒരാൾ സഹ അപേക്ഷകനായിരിക്കേണ്ടതാണ്. അപേക്ഷകൻ / സഹ അപേക്ഷകൻ എന്നിവരിൽ ഒരാൾ വസ്തുവിന്റെ ഉടമസ്ഥാവകാശം ഉള്ള വ്യക്തിയായിരിക്കണം.

4) പരമാവധി വായ്പാ പരിധിയ്ക്ക് വിധേയമായി അംഗീകൃത എസ്റ്റിമേറ്റിന്റെ 90% തുക വരെ വായ്പയായി അനുവദിക്കും ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്.

5) അപേക്ഷകനോ കുടുംബാംഗങ്ങളോ സർക്കാർ നടപ്പിലാക്കുന്ന ലൈഫ്പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പക്ഷം, പദ്ധതി പ്രകാരം ലഭിച്ച/ലഭ്യമാകാവുന്ന തുക കൂടി കണക്കിലെടുത്തായിരിക്കും വായ്പ അനുവദിക്കുന്നത്.

6) ഭവന നിർമ്മാണം നടത്തുന്ന വസ്തുവിന്റെ മതിപ്പുവിലയും അപേക്ഷകന്റെ/ കുടുംബത്തിന്റെ വരുമാനവും ഹാജരാക്കപ്പെടുന്ന ജാമ്യരേഖകളും കണക്കിലെടുത്ത് വായ്പാ തുക നിജപ്പെടുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

7) വായ്പാ തുക 3 ഗഡുക്കളായി അനുവദിക്കും

- ബേസ്മെന്റ് പണി പൂർത്തീകരിച്ച ശേഷം ഒന്നാം ഗഡു വിതരണം ചെയ്യും (വായ്പാ തുകയുടെ 30%)
- ഒറ്റ നില വീടാണെങ്കിൽ ലിന്റിൽ വരെ പണി പൂർത്തീകരിച്ച ശേഷവും ഒന്നിലധികം നിലകളുള്ള വീടാണെങ്കിൽ ഒന്നാം നിലയുടെ മേൽക്കൂര പൂർത്തീകരിച്ച ശേഷവും രണ്ടാം ഗഡു വിതരണം ചെയ്യും (വായ്പാ തുകയുടെ 40%)
- അംഗീകൃത പ്ളാൻ പ്രകാരമുള്ള എല്ലാ നിലകളുടേയും മേൽകൂര പൂർത്തീകരിച്ച് പുറം വാതിലുകൾ സ്ഥാപിച്ച ശേഷം ഫിനിഷിംഗ് പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി അവസാന ഗഡു (വായ്പാ തുകയുടെ 30%) വിതരണം ചെയ്യും.

8) വായ്പയുടെ തുടർ ഗഡു ലഭിക്കുന്നതിന് അപേക്ഷകൻ നിശ്ചിത മാതൃകയിലുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

9) വായ്പയുടെ ഒന്നാം ഗഡു ലഭിച്ച് 1 വർഷത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് വായ്പയുടെ തുടർ ഗഡു കൈപ്പറ്റുന്നതിന് 6 മാസത്തിലധികം സാവകാശം അനുവദിക്കുന്നതല്ല. ഇത്തരം സാഹചര്യങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ വിലയിരുത്തി തുടർ വായ്പ അനുവദിക്കുന്നതു സംബന്ധിച്ച് കോർപ്പറേഷൻ യുക്തമായ തീരുമാനം കൈകൊള്ളുന്നതും അപേക്ഷകന് തീരുമാനം ബാധകമായിരിക്കുന്നതുമാണ്.

10) വായ്പയുടെ അവസാന ഗഡു ലഭിച്ച ശേഷം 4-ാം മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതാണ്. ഒന്നാം ഗഡു ലഭിച്ച തീയതി മുതൽ തിരിച്ചടവ് ആരംഭിക്കുന്ന തീയതിവരെയുള്ള പലിശ പ്രതിമാസ തിരിച്ചടവ് ആരംഭിക്കുന്നതിന് മുമ്പ് ഒടുക്കേണ്ടതാണ്.

## അപേക്ഷാ സമർപ്പണം

കോർപ്പറേഷന്റെ ജില്ലാ, ഉപജില്ലാ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫാറം പൂരിപ്പിച്ച് താഴെ പറയുന്ന രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

1) അപേക്ഷകൻ / സഹ അപേക്ഷകൻ എന്നിവരുടെ റേഷൻ കാർഡിന്റെ പകർപ്പ്

2) അപേക്ഷകൻ / സഹ അപേക്ഷകൻ എന്നിവരുടെ ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്

3) അപേക്ഷകൻ / സഹ അപേക്ഷകൻ എന്നിവരുടെ ആധാർ കാർഡിന്റെ പകർപ്പ്

4) അപേക്ഷകന്റെ/കുടുംബാംഗങ്ങളുടെ പേരിലുള്ള സ്ഥലത്തിന്റെ കരമടച്ച രസീതിന്റെ പകർപ്പ്